LIBRARY ARCHIVES Kerala Legislative Assembly

സമിതിയുടെ തീരുമാനപ്രകാരം ശ്രീ. പ്രസന്നകുമാറോ ടി സിസ്റ്റം വ്യക്തമായി അറിയാവുന്ന മറ്റൊരാളോ ശുചിത്വമിഷൻ നിശ്ചയിക്കുന്ന സാങ്കേതിക സമിതി മുമ്പാകെ ആയതിനുള്ള ശാസ്ത്രീയമായ തെളിവുകൾ സഹിതം വിവരണം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

(സി) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റം ചില സ്ഥലങ്ങളിൽ നടപ്പിലാക്കിയതായി ശ്രീ. പ്രസന്നകുമാർ ലിസ്റ്റ് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ കാര്യക്ഷമത ശുചിത്വമിഷൻ നേരിട്ട് വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ശുചിത്വ മിഷനിൽ ലഭ്യമാക്കിയിട്ടില്ല.

പുതിയ മുനിസിപ്പാലിറ്റികളാക്കിയ പഞ്ചായത്തുകളിലെ ജീവനക്കാരുടെ പുനർ നിയമനം

251 (1725) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ച അവസരത്തിൽ നിലവിൽ പഞ്ചായത്തുകളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ പുനർനിയമനം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളും മുനിസിപ്പാലിറ്റികളുമായി ലയിപ്പിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുതൽ ക്ലാർക്കുവരെയുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽനിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരെ പഞ്ചായത്ത് വകുപ്പിൽത്തന്നെ നിലനിർത്തുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

മണ്ഡല ആസ്തി വികസന പദ്ധതി

252 (1726) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പൊയ്യമരാമത്ത് വകുപ്പ് ചെയ്യുന്ന ഗ്രാമീണ റോഡുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;